**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1654

**10/03/2020-ൽ മറുപടിക്ക്**

## ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി

| | **ചോദ്യം**<br>ശ്രീ.അനിൽ അക്കര | | **ഉത്തരം**<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | വിവിധ സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സിയെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി വരുന്നുണ്ടെങ്കിലും ചില സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുതപരിശോധന നടത്തി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി)<br>&<br>(സി) | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 2019-ൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ